<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 984</u> <u>12-06-2024 - ൽ മറുപടിയ്ക്ക്</u>

<u>വന്യമൃഗങ്ങളുടെ സാന്നിധ്യം തടയുന്നതിന് നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനമേഖലയിൽ നിന്നും വിദൂരമായ ചാത്തന്നൂർ മണ്ഡലത്തിലെ നിരവധി പ്രദേശങ്ങളിൽ കാട്ടുപന്നി, കരടി തുടങ്ങിയ വന്യമൃഗങ്ങൾ കടന്നുവന്ന് വൻതോതിൽ കൃഷിനാശം വരുത്തുകയും മനുഷ്യജീവന് ഭീഷണിയാകുകയും ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവയുടെ സാന്നിധ്യം തുടക്കത്തിൽ തന്നെ തടഞ്ഞ് കാർഷിക വിളകൾ സംരക്ഷിക്കുന്നതിനും മനുഷ്യന്റെ സൈ്വരജീവിതം ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദമാക്കുമോ? | (എ) | ചാത്തന്നൂർ മണ്ഡലത്തിലെ ചില പ്രദേശങ്ങളിൽ കാട്ടുപന്നി ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ഒറ്റപ്പെട്ട സംഭവ- ങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ജനജാഗ്രതാ സമിതി രൂപീകരിച്ച് ബോധവത്കരണം നടത്തിയും പരാതി ഉയർന്നിട്ടുള്ള പ്രദേശങ്ങളിൽ പട്രോളിംഗ് നടത്തിയും ദ്രുതകർമ്മസേനയുടെ സാന്നിദ്ധ്യം ഉറപ്പാക്കിയും ജനങ്ങളുടെ പരാതി പരിഹരിക്കുന്നതിനുള്ള ശ്രമം നടത്തിവരുന്നു. വന്യമൃഗങ്ങൾ കാരണം കാർഷിക വിളകൾക്കുണ്ടാകുന്ന നാശനഷ്ടത്തിന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ നിശ്ചയിച്ച നിരക്ക് പ്രകാര- മുള്ള നഷ്ടപരിഹാരം അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ